## മുംബൈ ആക്രമണം
# ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ

**മുംബൈ** ആക്രമണത്തെ കുറിച്ചുള്ള സങ്കടവിചാരങ്ങളും മുതലക്കണ്ണീരൊഴുക്കലും അവസാനിച്ചു. ആക്രമണാനന്തരം രൂപപ്പെട്ടുവന്ന പുതിയ വൈകാരിക ദേശീയബോധത്തിന്റെ പശ്ചാത്തലത്തിൽ പുതിയ പോട്ട ബദലുകൾ ചുട്ടെടുത്ത ഭരണവർഗത്തിന്, വലതുപക്ഷ മാധ്യമങ്ങൾ വസ്തുതകൾക്കുമേൽ പുതപ്പിച്ച 'കഫിയ്യ' നീക്കംചെയ്യേണ്ട ബാധ്യതയുണ്ട്.

മുംബൈ ആക്രമണത്തെക്കുറിച്ച ഒരുപാട് ദുരൂഹതകൾ ഇപ്പോഴും അവശേഷിക്കുന്നുണ്ട്. മുംബൈ കത്തുമ്പോൾ ഫാഷിസ്റ്റ് ടീച്ചിംഗ് നോട്ടനുസരിച്ച് ന്യൂസ് റൂമുകളിലിരുന്ന് ക്ലാസ്സെടുത്തിട്ടും ഒരു ശരാശരി ഇന്ത്യക്കാരന്റെ മനസ്സിലെ തീരാത്ത സംശയങ്ങൾ ഇതേവരെയും കെട്ടണഞ്ഞിട്ടില്ല. ധിഷണയും അന്വേഷണത്വരയും പണയംവെച്ചിട്ടില്ലാത്ത പൗരസമൂഹം ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ കൊണ്ട് ഭരണവർഗത്തെ അലോസരപ്പെടുത്തും.

1. മുംബൈയിലെത്തിയ ഭീകരരുടെ എണ്ണം വ്യത്യസ്തമായ രീതിയിലാണ് മീഡിയ റിപ്പോർട്ട് ചെയ്തത്. എല്ലാ റിപ്പോർട്ടുകളിലും ഭീകരവാദികൾ ഇരുപതിലേറെ പേരുണ്ട്. അവരിൽ ഒമ്പത് പേരെ കമാന്റോകൾ വധിച്ചു. ഒരാളെ ജീവനോടെ പിടികൂടി. അവശേഷിച്ചവർ എവിടെ പോയി? ഭീകരവാദികൾ സഞ്ചരിച്ച ബോട്ടിൽനിന്ന് ഇരുപത്തിയൊന്ന് ലൈഫ് ജാക്കറ്റുകളും പത്തൊമ്പത് ട്രൂത്ത് ബ്രഷുകളും പോലീസ് കണ്ടെടുത്തിട്ടുണ്ട്. ജാക്കറ്റുകൾ പതിനേഴ് ആണെന്നും റിപ്പോർട്ടുണ്ട്. അതിനർഥം ഭീകരർ പത്തിൽ കൂടുതൽ ഉണ്ടായിരുന്നു എന്നാണ്. അപ്പോൾ ബാക്കിയുള്ളവർ എവിടെ?

2. പാകിസ്താനിൽനിന്നും സമുദ്രമാർഗം ബഹുദൂരം സഞ്ചരിച്ച് മുംബൈയുടെ പുറംകടലിലെത്തിയ ഭീകരരെ കൃത്യമായി നിശ്ചിത സ്ഥലങ്ങളിൽ എത്തിച്ചത് ആരായിരുന്നു? ഇന്ത്യയെ 59 മണിക്കൂർ മുൾമുനയിൽ നിർത്താൻ ഭീകരവാദികൾക്ക് സപ്പോർട്ട് നൽകിയത് ആരായിരുന്നു?

3. പ്രധാന പോലീസ് ഉദ്യോഗസ്ഥർ ഒരേ കാറിൽ ആവശ്യമായ സുരക്ഷയില്ലാതെ, പോകാൻ പാടില്ലാത്ത സ്ഥലത്തേക്ക് ഒരു സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോകാൻ കർക്കരെക്ക് നിർദേശം നൽകിയത് ആരായിരുന്നു? (ഡെപ്യൂട്ടി കമീഷണർ രാകേഷ് മരിയയായിരുന്നു ആ സമയത്ത് കൺട്രോൾ റൂമിൽ ഉണ്ടായിരുന്നത്. മരിയ മൊസാദ് ഏജന്റാണെന്ന് ആരോപണമുണ്ട്. 1993ൽ മുംബൈ പോലീസിലെ ചിലരെ ഇസ്രയേലിലേക്ക് സൈനിക പരിശീലനത്തിനു ഇയാൾ കൊണ്ടുപോയത് വിവാദം സൃഷ്ടിച്ചിരുന്നു).

4. കർക്കരെ, കാംതെ, സലസ്കർ എന്നിവരെ വെടിവെച്ചത് കാർ ഡ്രൈവർ ജാദവ് അല്ല എന്ന് സംശയിക്കാൻ എന്ത് സാധ്യതയാണുള്ളത്? കർക്കരെ ഹെൽമറ്റും ബുള്ളറ്റ് പ്രൂഫ് ജാക്കറ്റും ധരിക്കുന്ന ചാനൽ ദൃശ്യങ്ങൾ ജാദവിനെ സംശയിക്കാൻ കൂടുതൽ സാധ്യതകൾ നൽകുന്നു. അമ്പതിലധികം ഏറ്റുമുട്ടലുകളിൽ പങ്കാളിയാകുകയും ഇതിൽ ഭൂരിഭാഗവും വ്യാജമായിരുന്നു എന്ന് ആരോപണം ഉയരുകയും ചെയ്ത ജാദവിനെ എങ്ങനെ വിശ്വസിക്കും?

5. കർക്കരെയെയും കൂടെയുള്ളവരെയും കൊലപ്പെടുത്തിയത് കസബ് ആണെന്ന് സമ്മതിക്കുന്ന പക്ഷം മറ്റൊരു ചോദ്യത്തിന് ഉത്തരം കിട്ടണം. ഇരുട്ടിലൂടെ വാഹനമോടിച്ച് വരുന്ന ഇവരെ തിരിച്ചറിഞ്ഞ് വെടിയുതിർക്കാൻ പാകിസ്താനികളായ ഭീകരർക്ക് എങ്ങനെ സാധിച്ചു? മുസ്‌ലിംപക്ഷക്കാരാണ് ഭീകരവാദികളെങ്കിൽ കർക്കരെയെ കൊലപ്പെടുത്തി ഹിന്ദുത്വവാദികളുടെ മുഖം രക്ഷിക്കുമോ?

6. കർക്കരെ കൊല്ലപ്പെട്ടത് 9 എം.എം ബുള്ളറ്റ് ശരീരത്തിലേറ്റാണ് എന്നായിരുന്നു




## മദ്റസകൾ തുറക്കുന്നതോ അപകടകരം?

**"ഖാലിദ** സിയയുടെ സർക്കാറിൽ പങ്കാളിയായിരുന്ന ജമാഅത്തെ ഇസ്‌ലാമി മതഭ്രാന്തും തീവ്രവാദവും കൊണ്ട് വിമോചന പോരാട്ടത്തിന്റെ സത്തയായ ബഹുസ്വര സമൂഹം എന്ന ആശയത്തെ അട്ടിമറിച്ചതായി കരുതപ്പെട്ടിരുന്നു"- 'ബംഗ്ലാദേശിൽ രണ്ടാം വിമോചനം' എന്ന ശീർഷകത്തിൽ കുൽദീപ് നയാർ അവാമി ലീഗിന്റെ വൻ വിജയത്തെ വിശകലനം ചെയ്തുകൊണ്ട് *മാതൃഭൂമി* ദിനപത്രത്തിൽ (26.1.2009) എഴുതിയ ലേഖനത്തിലെ പരാമർശമാണിത്.

ഖാലിദ സിയയുടെ സർക്കാറിൽ പങ്കാളിയായിരുന്ന ജമാഅത്തെ ഇസ്‌ലാമി, ബംഗ്ലാ പാർലമെന്റിൽ 18 അംഗങ്ങളുള്ള പ്രമുഖ പാർട്ടിയായിരുന്നു. ഇപ്പോഴത്തെ തെരഞ്ഞെടുപ്പിൽ പാർട്ടിക്ക് ഭരണകക്ഷിയായിരുന്ന ഖാലിദ സിയയുടെ പാർട്ടിക്കെന്നപോലെ തിരിച്ചടി നേരിട്ടുവെങ്കിലും, അഴിമതി ആരോപണങ്ങളിൽനിന്നും മുക്തമായ, ജനക്ഷേമകരമായ ഭരണം കാഴ്ചവെച്ച മന്ത്രിമാരായിരുന്നു ജമാഅത്തിന്റേത്. മതേതരത്വത്തിന്റെ 'പുരോഗമന' മുദ്രാവാക്യം മുഴക്കിക്കൊണ്ടിരിക്കുന്നവർ ജമാഅത്തിൽ തീവ്രവാദം ആരോപിക്കുന്ന രാഷ്ട്രീയാഭ്യാസം കാണിക്കാറുണ്ടെങ്കിലും, ബംഗ്ലാ ജമാഅത്ത് ഏതെങ്കിലും വിധത്തിലുള്ള തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ബഹുസ്വര സമൂഹത്തിന് തടസ്സമാകുംവിധം മതഭ്രാന്ത് കാണിക്കുകയോ ചെയ്തതായി ഒരു തെളിവും എടുത്തുകാണിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല.

"ഈ പാർട്ടി മതിയാവോളം അപകടമുണ്ടാക്കിക്കഴിഞ്ഞു. അവർ 40,000 മദ്റസകളും 9000 കിന്റർഗാർട്ടനുകളും തുറന്നുകഴിഞ്ഞു"-നയാർ ആരോപിക്കുന്നു. ബംഗ്ലാ ജമാഅത്തിൽ നായർ കാണുന്ന 'മതഭ്രാന്തി'ന്റെയും 'തീവ്രവാദ'ത്തിന്റെയും സാമ്പിളുകളാണിത്. മതപഠന കേന്ദ്രങ്ങളും കിന്റർ ഗാർട്ടനുകളും സ്ഥാപിക്കുന്നത് അപകടകരമായി ചിത്രീകരിക്കുന്നവർ ജമാഅത്തിൽ മതഭ്രാന്തും തീവ്രവാദവും ആരോപിക്കുന്നതിൽ അത്ഭുതമില്ല! "നിങ്ങൾ ദൈവവിശ്വാസികളാണ് എന്നതുതന്നെയാണ് നിങ്ങൾ വർഗീയവാദികളാണെന്നതിന്റെ തെളിവ്"- പണ്ട് പശ്ചിമബംഗാളിലെ ഒരു പ്രമുഖ മാർക്സിസ്റ്റ് നേതാവ് പറഞ്ഞ തമാശയാണ്, മദ്റസകളും കിന്റർ ഗാർട്ടനുകളും തുറക്കുന്ന ജമാഅത്തെ ഇസ്‌ലാമി മതഭ്രാന്തരാണെന്ന നയാറിന്റെ നിരീക്ഷണം ഓർമിപ്പിക്കുന്നത്.

**റഹ്മാൻ മധുരക്കുഴി**

പോലീസ് ഭാഷ്യം. പിസ്റ്റളിലുപയോഗിക്കുന്ന വെടിയുണ്ടയാണിത്. എ.കെ 47 തോക്കാണ് ഇസ്മാഈലിന്റെയും കസബിന്റെയും കൈവശം ഉണ്ടായിരുന്നത്. ഇതിൽ ഉപയോഗിക്കുക 7.52 എം.എം വെടിയുണ്ടയാണ്. ഈ വൈരുധ്യം എങ്ങനെ സംഭവിച്ചു?

7. മാലേഗാവ് സ്ഫോടനക്കേസിലെ മുഖ്യ പ്രതിയായ സ്വാമി ദയാനന്ദ പാൻഡയെ അന്വേഷണസംഘം കസ്റ്റഡിയിൽ വാങ്ങി അതേ ദിവസം തന്നെയാണ് കർക്കരെ വെടിയേറ്റ് മരിക്കുന്നത്. കർക്കരെയുടെ വീട് സ്ഫോടനത്തിൽ തകർക്കുമെന്ന് പൂനെ പോലീസിന് ഫോൺ ഭീഷണിയും ലഭിച്ചിരുന്നു. കർക്കരെയെ കൊലപ്പെടുത്തി സ്വാമി ദയാനന്ദ പാൻഡയെ രക്ഷപ്പെടുത്തേണ്ട എന്ത് ഉത്തരവാദിത്വമാണ് പാക് പൗരന്മാരായ ഭീകരവാദികൾക്ക് ഉള്ളത്? കസബിനെ പിടികൂടിയ സമയത്ത് കൊലപ്പെടുത്താൻ മുംബൈ പോലീസിലെ ഒരു ഡെപ്യൂട്ടി കമീഷണർ പോലീസ് സംഘത്തിനു ഉത്തരവ് നൽകിയതായി കസബ് അന്വേഷണ ഏജൻസിക്ക് മുമ്പിൽ പറയുകയുണ്ടായി. എന്തിനായിരുന്നു കസബിനെ വധിക്കാൻ ഉത്തരവ് നൽകിയത്?

**കെ. സാബിർ പാലക്കോട്**

## മദ്യം മാന്യത!

**'ചരിത്രത്തിന്റെ** താക്കീത്' എന്ന മുഖക്കുറിപ്പ് (ലക്കം 30) 'ദൈവത്തിന്റെ സ്വന്തം നാടി'നെ ലഹരിയുടെ സ്വന്തം തറവാടാക്കി മാറ്റാനുള്ള നീക്കത്തിനെതിരെയുള്ള ശക്തമായ മുന്നറിയിപ്പായി. ആഗോള സാമ്പത്തിക മാന്ദ്യമൊന്നും വെള്ളമടിക്ക് ഒരു കുറവും വരുത്തില്ലെന്ന് ഉണ്ണിയേശുവിന്റെ ജന്മദിനപ്പിറ്റേന്ന് ബോധ്യമായി!

ഭരണവർഗങ്ങൾക്കാവശ്യം പ്രബുദ്ധരായ ജനസഞ്ചയമോ അവർക്കൊപ്പം സഞ്ചരിക്കുന്ന ബാലകൗമാര യൗവനമോ അല്ല. ഏതു മാർഗേണയായാലും വേണ്ടില്ല, ഞങ്ങൾക്ക് അടിച്ചുപൊളിക്കാനും വെട്ടിപ്പും തട്ടിപ്പും നടത്താനും പൊതുഖജനാവിൽ പണം വരണം! മദ്യവും ലോട്ടറിയുമാണല്ലോ ഇന്നത്തെ സർക്കാർ വരുമാനത്തിന്റെ സാംസ്കാരിക സ്രോതസ്സ്! ഇനി മദിരാക്ഷിയുടെ വരുമാനവും കൂടി ഖജനാവിലെത്താനുള്ള മാർഗവും കൂടി കണ്ടെത്തിയാൽ 'ലക്ഷ്യം' പൂർണമായി. വാസ്തവത്തിൽ പാൻ മസാലക്കമ്പനികളെല്ലാം തന്നെ ലഹരിയിലേക്ക് ബാലകൗമാരങ്ങളെ നയിക്കുന്ന നഴ്സറികളല്ലേ? മദ്യപന്മാരായ രക്ഷിതാക്കളുടെ മക്കളിൽ തൊണ്ണൂറ്റി ഒമ്പത് ശതമാനവും ഈ വഴിയിൽതന്നെ വന്നെത്തുന്നു. വിത്തു ഗുണം പത്തു ഗുണം!

നിലവിലുള്ള ഒരു രാഷ്ട്രീയ പാർട്ടിയും മദ്യനിരോധനത്തിനു അനുകൂലമല്ലെന്നതാണ് ഇതുവരെയുള്ള അനുഭവം. കാരണം അതിനു മാത്രം മാനുഷിക സ്നേഹമോ വൈചാരിക സാംസ്കാരിക പുരോഗമനമോ സിദ്ധിച്ച ഏതു രാഷ്ട്രീയ പാർട്ടിയാണ് ഇവിടെയുള്ളത്? അതിനാൽ രാഷ്ട്രീയക്കാരുടെ അടിമകളായിക്കഴിഞ്ഞിട്ടില്ലാത്ത മതസംഘടനകൾ തങ്ങളുടെ അണികളെയെങ്കിലും ഈ മദ്യവിപത്തിൽനിന്ന് രക്ഷപ്പെടുത്തട്ടെ!

**അലവി വീരമംഗലം**

## ത്യാഗോജ്ജ്വലമായ ജീവിതയാത്ര

**'കെ.ടിയുടെ** പ്രസ്ഥാന യാത്രകൾ' പുതുതലമുറക്ക് പുത്തൻ അനുഭവം തന്നെയാണ്. താൻ മനസ്സിലാക്കിയ സത്യങ്ങൾ മറ്റുള്ളവർക്ക് പകർന്നുകൊടുക്കാനുള്ള വെമ്പൽ, അതിനായി തന്റെ കഴിവും അറിവും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ത്യാഗോജ്ജ്വലമായ ജീവിതയാത്ര. ജമാഅത്തിന്റെ ആദ്യകാല പ്രവർത്തകർക്ക് ഇത്തരം അനുഭവങ്ങൾ ധാരാളമുണ്ടാകും. അത് പിൻതലമുറക്ക് പകർന്നുകൊടുക്കുന്നത് പ്രസ്ഥാനത്തിന്റെ കാഴ്ചപ്പാടിനനുസൃതമായി അണികളെ ക്രമപ്പെടുത്തുന്നതിന് സഹായകരമാകും.

ഏതൊരു പ്രസ്ഥാനത്തിനും അതിന്റെ ആദ്യകാലങ്ങളാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്. ജമാഅത്തെ ഇസ്‌ലാമിക്കും ഈ പ്രകൃതിനിയമത്തിൽനിന്ന് മാറിനിൽക്കാൻ കഴിയില്ല. ഇപ്പോഴത്തെ കാലത്ത് ഇസ്‌ലാമിക പ്രവർത്തനം സമൂഹത്തിൽ മാന്യതയും അന്തസ്സും നേടാനുള്ള മാർഗമായി ചിലരെങ്കിലും കാണുന്നുണ്ടോ? ജീർണത ഏത് പ്രസ്ഥാനത്തെയും ബാധിച്ചേക്കാം. അത്തരം ജീർണതകൾ വളരാതിരിക്കാൻ ആദ്യകാല പ്രവർത്തകർ പ്രത്യേകം ശ്രദ്ധിക്കണം. അതിന് കെ.ടിയെ പോലുള്ളവരുടെ ജീവിതാനുഭവങ്ങൾ പുതിയ പ്രവർത്തകർക്ക് പകർന്നുകൊടുക്കാൻ നേതൃത്വം ശ്രദ്ധയൂന്നണം.

**എച്ച്. സ്വലാഹുദ്ദീൻ കരുനാഗപ്പള്ളി**

## ജീവിതം കൊണ്ട് പ്രസ്ഥാന പ്രവർത്തനം

**'കെ.ടിയുടെ** പ്രസ്ഥാന യാത്രകൾ' പതിനൊന്നാം ഭാഗം വായിച്ചപ്പോൾ ഒരു കുറിപ്പ് എഴുതണമെന്ന് തോന്നി. ദുബൈയിൽ കെ.ടിയെപ്പോലുള്ള ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നേതാക്കളുമായി നിരന്തരം ഇടപഴകാൻ, കഴിഞ്ഞ 23 വർഷമായി എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്.

ഇവിടെ വന്നിട്ടുള്ള പഴയകാല നേതാക്കൾ പറയുന്നത് കേട്ടിട്ടുണ്ട്, ഇവിടത്തെ പ്രവർത്തകരെ കാണുമ്പോൾ പ്രസ്ഥാനത്തിന്റെ ത്യാഗനിർഭരമായ ആദ്യകാലഘട്ടവും പ്രവർത്തകരും ഓർമയിൽ വരുമെന്ന്.

കെ.ടി, കെ.എൻ, ഹൈദറലി ശാന്തപുരം തുടങ്ങി ഇവിടെ ഞങ്ങൾക്ക് നേതൃത്വം നൽകിയവരുമായുള്ള സഹവാസമാണ് ഈ സൗഭാഗ്യത്തിനു കാരണം. കെ.ടി ജനങ്ങളിൽനിന്ന് മാറിനിന്ന് ഉപദേശിക്കുകയായിരുന്നില്ല. പ്രശ്നം ആദ്യം പരിഹരിക്കും. പിന്നീട് അതുണ്ടാവാൻ ഇടയാക്കിയ സാഹചര്യം വിശദീകരിക്കും. എന്നിട്ട് തിരുത്തും.

പുരപ്പുറത്ത് കയറി തത്ത്വഭാഷണം നടത്തുന്ന കെ.ടിയെ നമുക്ക് കാണാനാവില്ല. അദ്ദേഹം കുറച്ച് മാത്രമേ പ്രസംഗിച്ചുള്ളു. കൂടുതലും ജീവിതം കൊണ്ടാണ് പ്രസ്ഥാന പ്രവർത്തനം നടത്തിയത്. ഒരു പിതാവിനെ പോലെ അദ്ദേഹം ഞങ്ങളെ സ്നേഹിച്ചു.

**നാസർ വേങ്ങര ദുബൈ**

## ചുരുക്കെഴുത്ത്

**'കെ.ടിയുടെ** പ്രസ്ഥാന യാത്ര'കൾ ഏറെ പഠനാർഹമാണ്. ജമാഅത്ത് നേതാക്കളിൽ ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്ന വ്യക്തിത്വങ്ങളിൽ ഒരാളാണ് കെ.ടി. ആരവങ്ങളിൽനിന്ന് ഒഴിഞ്ഞുമാറിക്കഴിയുന്ന ശാന്തസ്വരൂപനും വിനയാന്വിതനും ശബ്ദ സൗകുമാര്യവുമുള്ള ഈ പണ്ഡിതന്റെ കഴിവുകളെ പ്രസ്ഥാനം വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്ന് സംശയിക്കുന്നു. പ്രസ്ഥാന ചരിത്രത്തിന്റെ വേരുകളന്വേഷിക്കുന്ന സദ്റുദ്ദീൻ വാഴക്കാടും *പ്രബോധന*വും മഹദ് സേവനമാണ് നിർവഹിക്കുന്നത്. അഭിമുഖങ്ങളുടെ വീഡിയോ കൂടി ശേഖരിച്ച് സൂക്ഷിക്കുക.

**ശക്കീർ അഹ്മദ് പരപ്പനങ്ങാടി**

**മുനാ** പണിക്കറുടെ 'ശാന്തി തേടിയ സഹോദരിമാർ' (ലക്കം 33) വേറിട്ടൊരനുഭവമായി. കലിമ ചൊല്ലിക്കൊടുക്കാനും അനുഷ്ഠാനങ്ങൾ കാണിച്ചുകൊടുക്കാനും മാത്രമുള്ള പരിശീലനമായിരിക്കരുത് പ്രബോധനം എന്നാണല്ലോ അവർ സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ സമർഥിക്കുന്നത്. ദൃഢവിശ്വാസവും തവക്കുലുമൊക്കെ ചേരുംപടി ചേർന്നാലേ മുനാ പണിക്കർ പരിചയപ്പെടുത്തിത്തരുന്ന സഹോദരിമാരുടെ ഈമാനിന്റെ അരികിലെങ്കിലുമെത്തിച്ചേരാനാവുകയുള്ളൂ. പാരമ്പര്യ മുസ്‌ലിം കുടുംബത്തിൽ ജനിച്ചുവീണ നമുക്കൊക്കെ ഒരുപാട് പാഠങ്ങൾ ഉൾക്കൊള്ളാനുണ്ട് 'ശാന്തി തേടുന്ന സഹോദരിമാരി'ൽ.

**മമ്മൂട്ടി കവിയൂർ**